(ബി) റഗുലർ ഡിസ്പെൻസറികളിലെ വൈദ്യന്മാർക്ക ഗവണ്മെൻറു് ആയുർവ്വേദ വൈദ്യന്മാക്കുള്ള ആനുകൂല്യങ്ങളം ലഭിക്കുന്നുണ്ടു്. സബ്സിഡൈസ്ഡു് ഡിസ്പെൻസറികൾക്കു് മുമ്പു് ഗവണ്മെൻറും ബോർഡും നൽകിയിരുന്ന മരുന്നും സബ്സിഡിയും ഇപ്പോഴും ഗവണ്മെൻറു നൽകുന്നുണ്ടു്.

(സി) സബ്സിഡൈസ്ഡു് ഡിസ്പെൻസറികളെ ഗവണ്മെൻറു് ഡിസ്പെൻസറികളായി ഉയർത്താൻ നിവേദനങ്ങളം ലഭിച്ചിട്ടുണ്ടു്.

(ഡി) സബ്സിഡൈസ്ഡു് ഡിസ്പെൻസറികളെ ഗവണ്മെൻറു് ഡിസ്പെൻസറികളായി ഉയർത്താനാണു് ഗവണ്മെൻറിൻെറ ലക്ഷ്യം. പക്ഷേ ദീർഘകാല പദ്ധതിമൂലമേ ഇതു് നടപ്പിലാക്കാൻ സാധിക്കുകയുള്ള.

പൂജപ്പുര ജയിലിലെ തടവുകാർ

* 174. [35] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങളം ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിൽ ഇപ്പോഴുള്ള ആകെ തടവുപുള്ളികളെത്ര ;

(ബി) കൊലക്കുറ്റത്തിനു് ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർ എത്ര ;

(സി) മോഷണക്കുറ്റത്തിനു് ശിക്ഷിക്കപ്പെട്ടവർ എത്ര ;

(ഡി) മറു ക്രിമിനൽ കുറ്റത്തിനു ശിക്ഷിക്കപ്പെട്ടവർ എത്ര ;

(ഈ) ഓപ്പൺ ജയിലിൽ പാർപ്പിക്കപ്പെട്ടിരിക്കുന്ന കുറ്റ പുള്ളികാർ എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 984.
(ബി) 384.
(സി) 53.
(ഡി) 547.
(ഈ) 98.

ന്യായവിലഷാപ്പുകം

* 175. [38] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങളം ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാടു ജില്ലയിൽ എത്ര ന്യായവിലഷാപ്പുകം നിലവിലുണ്ടു് ;

(ബി) ഓരോ താലൂക്കിലും എത്ര വീതം ;

(സി) ഓരോ വില്ലേജിലും ഓരോ ന്യായവിലഷാപ്പെങ്കിലും അടിയന്തിരമായും തുറക്കാൻ ജില്ലാ അധികൃതന്മാർക്കു് നിർദ്ദേശം നൽകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) 109—(2 ഹോംസെയിലും 107 റീട്ടെയിലും ഷാപ്പുകം)

(ബി)

താലൂക്കു്	ഹോംസെയിൽ	റീട്ടെയിൽ
പൊന്നാനി	ഇല്ല	52
ഒറ്റപ്പാലം	ഇല്ല	20
പെരുന്തൽമണ്ണ	1	15
പാലക്കാടു്	1	5
ചിറ്റൂർ	ഇല്ല	8
ആലത്തൂർ	ഇല്ല	7
ആകെ	2	107

LIBRARY ARCHIVES Kerala Legislative Assembly